LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ

225 (1699) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്ത ള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെ അപേക്ഷ നൽകിയിട്ടില്ലാത്തവരുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ; എങ്കിൽ ആയതിനുള്ള അറിയിപ്പ് മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുമോ;

(ഡി) കടബാധ്യതകൾ എഴുതിത്തള്ളുന്നതിന്റെ ഭാഗമായി ഹിയറിംഗുകൾ നടത്തിയിട്ടുണ്ടോ; എത്ര അപേക്ഷകരുടെ കടബാധ്യതകളാണ് എഴുതിത്തള്ളി യിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതി ത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യകുടുംബക്ഷേമ വകുപ്പാണ്. അതിനാൽ തുടർനടപടികളെപ്പറ്റി കൃഷി വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല.

കാർഷികോൽപ്പന്നങ്ങളുടെ സംഭരണം

226 (1700) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന ചെലവുമായി പൊരുത്തപ്പെടുന്ന ന്യായവില കൃഷിക്കാരന് ഉറപ്പുവരുത്തുന്നതിനായി ഏതെല്ലാം കാർഷികോൽപന്നങ്ങളുടെ സംഭരണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഈ ഉൽപന്നങ്ങൾ എന്തളവിൽ സംഭരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഉൽപന്നങ്ങളുടെ സംഭരണത്തിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേരം, നെല്ല് എന്നീ കാർഷികോല്പന്നങ്ങളും വ്യാവസായികോല്പന്നമായ റബ്ബറും സംഭരണം നടത്തിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

മണ്ണ്-ജലസംരക്ഷണ പദ്ധതികൾ

227 (1701) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്-ജല സംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കാനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും പരിപാലനവും വഴി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുകയും വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ആർ.ഐ.ഡി.എഫ്. പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. നിലവിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി RIDF XIV മുതൽ XX വരെയുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുന്ന 151 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിച്ചുവരികയും ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷം 12.63 കോടി രൂപ ചെലവഴിച്ച് 4879 ഹെക്ടർ ഭൂമിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.